**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5277** **02-11-2021 - ൽ മറുപടിയ്ക്ക്**

**കൊറ്റി - കോട്ടപ്പുറം ജലഗതാഗത പാതയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗത സംവിധാനം പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കൊറ്റി - കോട്ടപ്പുറം ജലഗതാഗത പാതയുടെ പുനരുദ്ധാരണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | കൊറ്റി - കോട്ടപ്പുറം ജലപാത നിലവിൽ ഗതാഗത യോഗ്യവും ഈ റൂട്ടിൽ ബോട്ട് സർവ്വീസുകൾ നടക്കുന്നതുമാണ്. കൊറ്റി - കോട്ടപ്പുറം ജലപാതയിലെ ഉൾനാടൻ ജലഗതാഗത വകുപ്പിനു കീഴിലുള്ള ബോട്ട് ജെട്ടികളുടെ അറ്റകുറ്റപ്പണികൾക്കായുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ടമായി ഉതിനൂർ കടപ്പുറം ബോട്ട് ജെട്ടിയുടെ അറ്റകുറ്റപ്പണികൾ നടത്തി വരുന്നത് മൂന്ന് മാസം കൊണ്ട് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഫണ്ട് ഉപയോഗിച്ച് പുതിയ ബോട്ട് ജെട്ടികളുടെ നിർമ്മാണവും നടന്ന് കൊണ്ടിരിക്കുന്നു. |
| (ബി) | ഈ റൂട്ടിൽ അതിവേഗ ബോട്ട് സർവ്വീസ് ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദമാക്കുമോ? | (ബി) | കൊറ്റി-കോട്ടപ്പുറം ജലപാതയിലെ ആഴം വർദ്ധിപ്പിച്ച് ബോട്ടു ജെട്ടികൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അതിവേഗ ബോട്ട് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ